(ബി)

1. പ്ലാപ്പള്ളി - ചാലക്കയം റോഡ് (മണ്ണാർകുളഞ്ഞി - പമ്പ റോഡ് (32/00 കി.മി. മുതൽ 53/480 കി.മി)
2. കണമല പാലം
3. കണമല-ഇളവുങ്കൽ റോഡ് (0/0 കി.മീ. മുതൽ 9/910 കി.മീ)
4. കാഞ്ഞിരപ്പള്ളി - എരുമേലി റോഡ്
5. മണ്ണാർകുളഞ്ഞി - പമ്പ റോഡ് (0/0 കി.മീ. മുതൽ 32/00 കീ.മീ)
6. വടശ്ശേരിക്കര ഫുട്ട് ബ്രിഡ്ജ്
7. എരുമേലി-കണമല (കരിങ്കലിമൂഴി-മുക്കൂട്ടുതറ-പമ്പാവാലി) റോഡ്

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി യുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഡി) അല്ല.

(ഇ) ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് 5 വർഷത്തെ അറ്റകുറ്റപ്പണികൂടി നടത്തുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാണ് കരാർ നൽകുന്നത്.

പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ഉണ്ടായ ബാക്ക് ലോഗ് നികത്തുന്നതിന് നടപടി

15 (*615) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ബാക്ക്ലോഗ് ഉണ്ടെന്ന കണ്ടെത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഓരോ സമുദായത്തിനും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പാലൊളിക്കമ്മിറ്റി ഇതു സംബന്ധമായി ശുപാർശകളെന്തെങ്കിലും നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാക്ക്ലോഗ് നികത്തുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; അതുമുഖേന ബാക്ക്ലോഗ് എത്രത്തോളം പരിഹരിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്. ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടു പ്രകാരം പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ഉണ്ടായിട്ടുള്ള ബാക്ക്ലോഗ് ചുവടെ ചേർക്കുന്നു :

വിഭാഗം	തസ്തികകളിൽ വന്ന കുറവ്
ഈഴവ	5
മുസ്ലീം	7383
ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇന്ത്യൻ	4370
നാടാർ	2614
പരിവർത്തിത ക്രൈസ്തവർ	2290
വിശ്വകർമ്മ	147
ധീവര	1256
മറ്റു പിന്നോക്ക വിഭാഗം	460
ആകെ	18525

(ബി) ഉണ്ട്. ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-2-2006-ൽ പുറപ്പെടുവിച്ച സ.ഉ.(പി)നമ്പർ 8/06/പജപവവിവ. പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണം കാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്ക് ഇതുവരെ ഉണ്ടായിട്ടുള്ള സംവരണക്കുറവുകൾ എപ്രകാരം പരിഹരിക്കാമെന്ന് വ്യവസ്ഥകളൊന്നുമില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല.

പെട്രോൾ പമ്പുകൾ പരിശോധിക്കാൻ സ്ക്വാഡുകൾ

16 (*616) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ എന്നിവയുടെ അളവിൽ പെട്രോൾ പമ്പുകളിൽ വ്യാപകമായി കൃത്രിമം നടക്കുന്നത് കണ്ടെത്താൻ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly